# ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ നടപടി ക്രമം

(ഹാജർ: ഡോ. ടി.എൻ. സീമ)

വിഷയം : ഹരിത കേരളം മിഷൻ–ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ– ഇടുക്കി ജില്ല ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം : 1). സർക്കാർ ഉത്തരവ് നം. സ.ഉ. (സാധാ) 2420/2017. തീയതി 15.07.2017
2). ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 27.03.2018–ലെ എച്ച്.കെ.എം./എ2/625/18 നം. നടപടി ഉത്തരവ്
3). ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 18.06.2018–ലെ എച്ച്.കെ.എം./എ2/625/18 നം. നടപടി ഉത്തരവ്.
4). സ.ഉ.(സാധാ) നം. 407/2018/തസ്വഭവ. തീയതി 09.02.2018

## ഉത്തരവ് നം. എച്ച്.കെ.എം/എ2/625/18 തീയതി 28.09.2018

പരാമർശം (1) ഉത്തരവ് പ്രകാരം വ്യക്തമായ RFP (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ) നടപടിയിലൂടെ ക്ലസ്റ്റർ/ജില്ല അടിസ്ഥാനത്തിലുള്ള ഹരിത സഹായ സ്ഥാപനങ്ങളുടെ എംപാനൽമെന്റ് പട്ടിക തയ്യാറാക്കി ഓരോ ജില്ലയ്ക്കുമുള്ള ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കാൻ ഹരിത കേരളം മിഷനെ ചുമതലപ്പെടുത്തിയിരുന്നു.

ഹരിത കേരളം മിഷൻ ശുചിത്വ–മാലിന്യ ഉപമിഷനായ ശുചിത്വമിഷന്റെ സഹായത്തോടെ 36 സ്ഥാപനങ്ങളെ ഹരിത സഹായ സ്ഥാപനങ്ങളായി തെരഞ്ഞെടുത്ത് പരാമർശം (2) (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ സ്ഥാപനത്തിന്റേയും ശേഷി അനുസരിച്ചും അവരവർ അറിയിച്ചിട്ടുള്ള താൽപ്പര്യം കണക്കിലെടുത്തും ഇടുക്കി ജില്ലയിൽ താഴെ പറയുന്ന ക്ലസ്റ്ററിലേക്ക് അതാതിനുനേരെ സൂചിപ്പിച്ചിട്ടുള്ള ഹരിത സഹായ സ്ഥാപനങ്ങളെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| നമ്പർ | സ്ഥാപനം | ക്ലസ്റ്ററുകൾ |
|---|---|---|
| 1. | **GANDHIJI STUDY CENTRE**<br>Reg No. K 376/83 Matha Arcade, Thodupuzha , Idukki 685 584,<br>Ph. 04862 224326 ,228060,220144,9446132544,<br>E – mail : gsctdpa@gmail.com | തൊടുപുഴ മുനിസിപ്പാലിറ്റി, തൊടുപുഴ ബ്ലോക്ക്, ഇളം ദേശം ബ്ലോക്ക് |
| 2. | **Northamps Env Solutions**<br>Naduvileveettil Building ,Irumpanam,<br>Tripunithura,Eranakulam-682309 | കട്ടപ്പന ബ്ലോക്ക്, കട്ടപ്പന മുനിസിപ്പാലിറ്റി, അഴുത ബ്ലോക്ക് |

| | | |
|---|---|---|
| 3 | **Prowins Agri System**<br>TC7/768-3, Souparnika ,Maruthamkuzhy ,Kanjirampara.P.O ,Thiruvananthapuram-30 | ദേവികുളം ബ്ലോക്ക് |
| 4 | **Socio Economic Unit Foundation**<br>PMRA A-8, T.C 17/652,Near Milma Bhavan,Pattom Palace.P.O,Thiruvananthapuram-695004 | ഇടുക്കി ബ്ലോക്ക്, നെടുങ്കണ്ടം ബ്ലോക്ക്, അടിമാലി ബ്ലോക്ക് |

ടി ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക പരാമർശം (4) ഉത്തരവ് പ്രകാരം നിശ്ചയിക്കുന്നതിനുള്ള നടപടി ശുചിത്വമിഷൻ സ്വീകരിക്കേണ്ടതും ടി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകേണ്ടതുമാണ്.

എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ

To,

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഗ്രാമം)
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ
4. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
11. എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
14. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ/സെക്രട്ടറിമാർക്കും
15. കരുതൽഫയൽ/ഓഫീസ് കോപ്പി
16. ഹരിത സഹായസ്ഥാപനങ്ങൾക്ക്